പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

06.01.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .160

## മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.കെ. ശശീന്ദ്രൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2. വാർദ്ധക്യകാല പെൻഷൻ<br>3. വിധവ പെൻഷൻ<br>4. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി<br>5. സൗജന്യ റേഷൻ<br>6. മത്സ്യത്തൊഴിലാളി സമ്പൂർണ ഭവന പദ്ധതി<br>7. മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റ പണി നടത്തി വാസയോഗ്യമാക്കുന്ന പദ്ധതി<br>8. സമ്പൂർണ്ണ ശുചിത്വ തീരം പദ്ധതി<br>9. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി<br>10. മത്സ്യ സുരക്ഷാ പദ്ധതി<br>11. ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി<br>12.വിദ്യാഭ്യാസാനുകൂല്യ പദ്ധതി<br>13. തീരമൈത്രി പദ്ധതി<br>14. മത്സ്യത്തൊഴിലാളികൾക്ക് വായ്പാ പദ്ധതി |
| (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ നിയമപ്രകാരമുള്ള സംരക്ഷണം കടക്കെണിയിലായ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ ; | (ബി) | ഉണ്ട് |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ നിയമപ്രകാരം എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ /സഹകരണ ബാങ്കുകൾ, തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക യായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 58,55,81,624/- രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്കും മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴിലാളി സംഘങ്ങ ളിൽ നിന്നും വായ്പയെടുത്ത കുടിശ്ശികയായിട്ടുള്ള മത്സ്യത്തൊഴിലാളി കൾക്ക് കടാശ്വാസം നല്കുന്നതിനായി മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് 35,95,000/- രൂപയും അനുവദിച്ച് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ